ദേശാഭിമാനി

19 March 2024

## ആപ്ലിക്കേഷനൊരുക്കി സിഎംഎഫ്ആർഐ

# മീനിനെ അറിയാം മർലിൻ ആപ്പിലൂടെ

**കൊച്ചി**

പൊതുജനങ്ങളുടെ സഹകരണത്തോടെ കടൽമത്സ്യയിനങ്ങളുടെ സമ്പൂർണ സചിത്ര വിവരശേഖരണത്തിന് മൊബൈൽ ആപ്പുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). marlin@cmfri എന്ന ആപ്പാണ് പുറത്തിറക്കിയത്.

പിടിക്കുന്ന മീനുകളുടെ ചിത്രങ്ങളും മറ്റു വിവരങ്ങളും ആപ്പിൽ ചേർക്കാം. ഈ വിവരങ്ങൾ ഇന്ത്യൻ സമുദ്രാതിർത്തിയിലെ മത്സ്യയിനങ്ങളെ കൃത്യമായി തിരിച്ചറിയാനും മറ്റു ശാസ്ത്രീയ വിവരശേഖരണത്തിനും സിഎംഎഫ്ആർഐയെ സഹായിക്കും. കടൽമത്സ്യ സമ്പത്തിന്റെ സചിത്ര ഡാറ്റാബേസ് തയ്യാറാക്കാനും സഹായകമാകും.




മൊബൈലിൽ മീനിന്റെ ചിത്രം അപ്‌ലോഡ് ചെയ്യുമ്പോൾതന്നെ എഐ സഹായത്തോടെ ഭാവിയിൽ അതിന്റെ സമ്പൂർണ വിവരങ്ങൾ ലഭ്യമാകുന്ന സംവിധാനം വികസിപ്പിക്കലാണ് ലക്ഷ്യം.

ജിയോ ടാഗിങ് ഉള്ളതിനാൽ വിവരം കൈമാറുന്ന മത്സ്യയിനങ്ങളുടെ കൃത്യമായ സ്ഥലം രേഖപ്പെടുത്താനാകും. സിഎംഎഫ്ആർഐയുടെ ഫിഷറി റിസോഴ്സ് അസസ്മെന്റ്, ഇക്കണോമിക്സ് ആൻഡ് എക്സ്റ്റൻഷൻ വിഭാഗത്തിലെ ഡോ. എൽദോ വർഗീസിന്റെ നേതൃത്വത്തിലാണ് ആപ് വികസിപ്പിച്ചത്.